**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 71** **23-08-2022 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പ്രഭാകരൻ** | | **ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** | |
| (എ) | പാലക്കാട് ജില്ലയിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; പുതിയ അക്ഷയ കേന്ദ്രം ആരംഭിക്കുന്നതിനും അതിന് യോഗ്യരായവരെ തെരഞ്ഞെടുക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ; | (എ) | പാലക്കാട് ജില്ലയിൽ 29 ലൊക്കേഷനുകളിലേക്ക് സംരംഭകരെ തിരഞ്ഞെടുക്കുന്നതിന് അപേക്ഷ ക്ഷണിക്കുകയും തുടർന്നു ലഭിച്ച അപേക്ഷകളിൽ തുടർനടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.<br><br>നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുണ്ടായിരിക്കേണ്ട ഏറ്റവും കുറഞ്ഞ ദൂരപരിധി ഗ്രാമപഞ്ചായത്തുകളിൽ 2 കി.മീ ഉം, മുൻസിപ്പാലിറ്റികളിൽ 1.5 കി.മീ ഉം കോർപ്പറേഷനിൽ 1 കി.മീറ്ററും ആണ്. ഒരു പ്രദേശത്ത് അക്ഷയ കേന്ദ്രം അനുവദിക്കുന്നതിന്റെ ആവശ്യകത കണക്കാക്കി നിലവിലുള്ള കേന്ദ്രങ്ങളുമായി നിശ്ചിത ദൂരപരിധി പാലിക്കുകയും ജില്ലാ ഇ- ഗവേർണൻസ് സൊസൈറ്റിയുടെ അംഗീകാരം ലഭിക്കുകയും ചെയ്യുന്ന ലൊക്കേഷനുകളിൽ പുതിയ അക്ഷയ കേന്ദ്രം അനുവദിക്കുന്നതിന് അക്ഷയ ഡയറക്ടർ സമർപ്പിക്കുന്ന ശിപാർശ പരിശോധിച്ച് സർക്കാരാണ് അക്ഷയ കേന്ദ്രങ്ങൾക്കുള്ള ലൊക്കേഷനുകൾ അനുവദിക്കുന്നത്. പുതിയ അക്ഷയ കേന്ദ്രങ്ങൾക്കുള്ള ലൊക്കേഷൻ അനുവദിച്ച് കഴിഞ്ഞാൽ സംരംഭക തിരഞ്ഞെടുപ്പിന് അക്ഷയ ഡയറക്ടർ അപേക്ഷ ക്ഷണിക്കുകയും ഓൺലൈൻ പരീക്ഷ, അഭിമുഖം, എന്നിവ ഉൾപ്പടെയുള്ള നടപടിക്രമങ്ങളുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി അതിൽ നിന്നും അക്ഷയസംരംഭകരെ തിരഞ്ഞെടുക്കുക യുമാണ് ചെയ്യുന്നത്. |
| (ബി) | മലമ്പുഴ മണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിലാണ് പുതിയതായി അക്ഷയ കേന്ദ്രം ആരംഭിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത കേന്ദ്രങ്ങൾ എന്നത്തേക്ക് പ്രവർത്തനസജ്ജമാകുമെന്ന് വ്യക്തമാക്കാമോ? | (ബി) | മലമ്പുഴ മണ്ഡലത്തിലെ ആനക്കൽ, മണക്കൽക്കാട്, ഓലശ്ശേരി എന്നീ മൂന്ന് ലൊക്കേഷനുകളിൽ അക്ഷയ കേന്ദ്രം ആരംഭിക്കുന്നതിനായി ആഗസ്റ്റ് 23 മുതൽ 27 തീയതികളിൽ സംരംഭക തിരഞ്ഞെടുപ്പ് പരീക്ഷ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഓൺലൈൻ പരീക്ഷയ്ക്ക് ശേഷം ഇന്റർവ്യൂ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കി അക്ഷയ കേന്ദ്രം ആരംഭിക്കുന്നതിനുള്ള കെട്ടിടം സംരംഭകൻ സജ്ജീകരിച്ചതിന് ശേഷം അക്ഷയ ജില്ലാ ഓഫീസ് മുഖാന്തിരം കെട്ടിട പരിശോധന നടത്തി ജില്ലാ കളക്ടറുമായി സംരംഭക കരാർ ഒപ്പ് വയ്ക്കേണ്ടതുണ്ട്. മേൽ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് കാലതാമസം ഇല്ലാതെ അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തന സജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ